ഫോൺ
ഓഫീസ് : 532026
സെക്രട്ടറി : 540170
ചെയർമാൻ: 532380
ഫാക്സ് : 557831

# കളമശ്ശേരി നഗരസഭ

ചങ്ങമ്പുഴ നഗർ പി.ഒ., എറണാകുളം ഡിസ്ട്രിക്ട്
കേരള പിൻകോഡ്: 682 033
GSTIN 32AAALK1477H3Z7
Email: secretarykalamassery@gmail.com

നമ്പർ: ടി.പി.2–23489/23 തീയതി 28.12.2023

പ്രേഷകൻ

**സെക്രട്ടറി**
കളമശ്ശേരി നഗരസഭ

സ്വീകർത്താവ്

**ബഹു.ജോയിന്റ് ഡയറക്ടർ**
ജോയിന്റ് ഡയറക്ടറുടെ കാര്യാലയം
തദ്ദേശസ്വയം ഭരണ വകുപ്പ്
സിവിൽ സ്റ്റേഷൻ
കാക്കനാട് 682030

സർ,

വിഷയം: കളമശ്ശേരി നഗരസഭ– ടൗൺപ്ലാനിംഗ് വിഭാഗം– നവകേരള സദസ്സ് പരിപാടിയിൽ സമർപ്പിച്ച പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ – സംബന്ധിച്ച്

സൂചന: ശ്രീ.കെ.എ.അബ്ദുൾ ജലീലിന്റെ EKM0772577 നമ്പർ പരാതി

സൂചനയിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിച്ചു കൊള്ളുന്നു.

കളമശ്ശേരി നഗരസഭ 9–ാം വാർഡിൽ ശ്രീ.കെ.എ.അബ്ദുൾ ജലീൽ, കുടിലിങ്ങൽ പറമ്പിൽ, എൻ.എ.ഡി പി.ഒ, വിടാക്കുഴ എന്നയാൾ തൃക്കാക്കര നോർത്ത് വില്ലേജിൽ റീസർവ്വെ നമ്പർ 237/20 (പാർട്ട്), 237/10–ൽ ഉൾപ്പെട്ട 2.04 ആർ സ്ഥലത്ത് 84.21 എം2 വിസ്തൃതിയിലുള്ള താമസ ആവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുമതിക്കായി അപേക്ഷിച്ചിരുന്നു. എൻ.എ.ഡി അതിർത്തിയിൽ നിന്നും 32 മീറ്റർ ദൂരത്തിലുള്ള സ്ഥലമായതിനാൽ എൻ.എ.ഡി എൻ.ഒ.സി ലഭ്യമാക്കുന്നതിനായി 09.06.2014 ൽ കത്ത് നൽകിയിരുന്നു. ആയതിന് AAQ/7013/KMBR Dated 10.07.2014 നമ്പർ പ്രകാരം എൻ.എ.ഡിയിൽ നിന്നും ലഭിച്ച മറുപടിയിൽ ടി അപേക്ഷ പരിശോധനയ്ക്കായി പരിഗണിക്കുന്നതാണെന്നും എൻ.ഒ.സി ലഭിക്കുന്നതുവരെ കെട്ടിടനിർമ്മാണ അനുമതി അനുവദിക്കരുതെന്നും നഗരസഭയ്ക്ക് നിർദേശം നൽകിയിരുന്നു. ആയത് ബി.എ.2/90/2014 തീയതി 14.08.2014 നമ്പർ കത്ത് പ്രകാരം അപേക്ഷകനെ അറിയിച്ചിട്ടുള്ളതാണ്. എന്നാൽ എൻ.ഒ.സി ലഭിക്കാൻ കാലതാമസം നേരിട്ടതിനെ തുടർന്ന് 25.09.2014, 05.01.2015, 14.09.2015 എന്നീ തീയതികളിൽ എൻ.എ.ഡിയിലേക്ക് ടി വിഷയം സംബന്ധിച്ച് ഓർമ്മക്കുറിപ്പ് നൽകിയിട്ടുള്ളതാണ്.

എന്നാൽ 31.12.2015 ൽ അപേക്ഷകൻ വീട് നിർമ്മാണം പൂർത്തിയാക്കിയെന്നും ടി കെട്ടിടത്തിന് 10/UA/45-A എന്ന താത്കാലിക നമ്പർ അനുവദിക്കുകയും 2015–2016 രണ്ടാം അർദ്ധ വർഷം മുതൽ മൂന്നിരട്ടി കെട്ടിട നികുതി ചുമത്തി ഉത്തരവായിട്ടുള്ളതുമാണ് എന്ന വിവരം അറിയിച്ചു കൊള്ളുന്നു.

വിശ്വസ്തതയോടെ,

**സെക്രട്ടറി**
കളമശ്ശേരി നഗരസഭ